**പതിനാലാം കേരളനിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3365 | 19.10.2016 ന് മറുപടിയ്ക്ക്.

**<u>അതിരപ്പിള്ളി ടൂറിസ്റ്റ് മേഖലയെ പൂർണ്ണമായും പ്ലാസ്റ്റിക് വിമുക്തമാക്കുന്ന നടപടികൾ</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) അതിരപ്പിള്ളി ടൂറിസ്റ്റുമേഖലയെ പ്ലാസ്റ്റിക് വിമുക്തമായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പരിയാരം മുതൽ അതിരപ്പിള്ളി വരെയുള്ള റോഡുകളിൽ ടൂറിസ്റ്റുകൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയുന്നതിനും, ഇവ വനസംരക്ഷണ സമിതികൾ വഴി ശേഖരിക്കുന്നതിനും അതിരപ്പിള്ളി ടൂറിസ്റ്റുമേഖലയെ പൂർണ്ണമായും പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ) വാഴച്ചാൽ വനം ഡിവിഷന്റെ പരിധിയിൽ വരുന്ന അതിരപ്പിള്ളി മുതൽ മലക്കപ്പാറ വരെയുള്ള സ്ഥലങ്ങളിൽ വിനോദ സഞ്ചാരികൾ വലിച്ചെറിയുന്ന പ്ലാസ്റ്റിക് മുതലായ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും, ആയവ അതിരപ്പിള്ളിയിലുള്ള സെഗ്രഗേഷൻ യൂണിറ്റിൽ എത്തിച്ച് തരം തിരിക്കുന്നതിനും, വാച്ചർമാരെ നിയോഗിച്ചിട്ടുള്ളതാണ്. ഇത്തരത്തിൽ വേർതിരിച്ച് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് നീക്കം ചെയ്യുകയും ചെയ്തു വരുന്നുണ്ട്. പരിയാരം മുതൽ അതിരപ്പിള്ളി വരെയുള്ള ഭാഗത്തെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് പരിയാരം റെയിഞ്ചിന്റെ പരിധിയിൽ വരുന്ന വന സംരക്ഷണ സമിതികൾക്ക് നിർദ്ദേശം നൽകുകയും, പുഴ-വനം സംരക്ഷണ നിധി വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ നടപടി സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ.